# പതിനാലാം കേരളനിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3351 — 10.12.2018 ൽ മറുപടിക്ക്

### വില്ലേജാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) വില്ലേജാഫീസുകളിലെ ജോലിഭാരം പഠിക്കുന്നതിന് സർക്കാർ അടുത്തകാലത്ത് ഏതെങ്കിലും തരത്തിലുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഏറ്റവും ഒടുവിലായി ഇത്തരത്തിൽ പഠനം നടത്തിയത്; | (എ) പി.& എ.ആർ.ഡി., വില്ലേജുകളിലെ ജോലിഭാരം സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ട്. 7139/AR-5/2011/P&ARD നമ്പരായി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2014 -ലായിരുന്നു അവസാന പഠനം നടത്തിയത്. |
| (ബി) ഇത്തരം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജോലിഭാരം ലഘൂകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (സി) വില്ലേജാഫീസുകളിലെ സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി എന്നാണ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്; ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേണിന്റെ വിശദാംശം ലഭ്യമാക്കുമോ; | (സി) 1972 -ലാണ് സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരം നിലവിൽ വില്ലേജിലുള്ള സ്റ്റാഫ് പാറ്റേൺ താഴെ പറയും പ്രകാരമാണ്. |

| | തസ്തിക | എണ്ണം |
|---|---|---|
| 1 | വില്ലേജ് ആഫീസർ | 1 |
| 2 | സ്പെഷ്യൽ വില്ലേജ് ആഫീസർ | 1 |
| 3 | വില്ലേജ് അസിസ്റ്റന്റ് | 1 |

| | | |
|---|---|---|
| 4 | വില്ലേജ്മാൻ(വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്ന് നിലവിൽ നാമകരണം ചെയ്തു.) | 2 |
| 5 | കണ്ടിജന്റ് എംപ്ലോയി/പി.റ്റി.എസ്. | 1 |

(ഡി) സ്റ്റാഫ് പാറ്റേൺ ഏറ്റവും ഒടുവിലായി നിർണ്ണയിച്ച നൽകിയതിനുശേഷം ഏറ്റെടുക്കേണ്ടി വന്നിട്ടുള്ള പുതിയ ജോലികളുടെയും ജനസംഖ്യാനുപാതികമായി വർദ്ധിച്ച ജോലി ഭാരത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ തസ്തികകൾ അനുവദിച്ച് നൽകുന്നതിനും സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

(ഡി) & (ഇ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിലെ ജോലിഭാരം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ആഫീസുകളിലെ സ്റ്റാഫ് പാറ്റേൺ അപര്യാപ്തമാണെന്ന് കണ്ട് ജോലി ഭാരം കൂടുതലുള്ള 140 വില്ലേജുകളിൽ അധികമായി ഒരു വില്ലേജ് അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കാൻ ശിപാർശ ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

**സെക്ഷൻ ഓഫീസർ**